(ബി) ഇല്ല.

(സി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) പരിശോധന നടന്നിട്ടില്ല.

കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം

73 (1095) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കുന്ന നടപടി ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ ;

(ബി) ഈ നിയമപ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് സംസ്ഥാനത്ത് പ്രവർത്തനാനുമതിയുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിന് മുമ്പായി അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അന്തഃസത്ത പരിഗണിക്കാതെ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതും വ്യവസ്ഥകൾ പാലിക്കാത്തതുമായ സി.ബി.എസ്.ഇ. സ്കൂളുകൾക്ക് യഥേഷ്ടം അംഗീകാരം നൽകുന്നത് സർക്കാർ വിദ്യാലയങ്ങളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഒന്ന് മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 5 മുതൽ 14 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവും ഗുണമേന്മയുള്ളതുമായ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. 2013-14 അദ്ധ്യയന വർഷംമുതൽ 1 മുതൽ 5 വരെ ഉൾപ്പെടുന്ന സ്കൂളുകളെ പ്രൈമറി സ്കൂളെന്നും 5-ാം ക്ലാസ്സ് ഉൾപ്പെടുന്ന യു.പി. സ്കൂളുകളെ ലോവർ &അപ്പർ പ്രൈമറി വിഭാഗമെന്നും 8-ാം ക്ലാസ്സ് ഉൾപ്പെടുന്ന ഹൈസ്കൂളുകളെ അപ്പർ പ്രൈമറി & ഹൈസ്കൂൾ എന്നും പുനർനാമകരണം ചെയ്യുവാനുള്ള നടപടി കൈക്കൊണ്ടു.

വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അൺഎയ്ഡഡ് സ്കൂളുകളിൽ 1-ാം ക്ലാസ്സിൽ ആ ക്ലാസ്സിലെ കുട്ടികളുടെ അംഗസംഖ്യയുടെ കുറഞ്ഞത് 25 ശതമാനമെങ്കിലും അയൽപക്ക പ്രദേശങ്ങളിലെ ദുർബല വിഭാഗങ്ങളിലും പിന്നോക്ക വിഭാഗത്തിലുംപെട്ട കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനും ഓരോ കുട്ടിക്കും ചെലവാകുന്ന തുകയോ അല്ലെങ്കിൽ കുട്ടിയിൽനിന്നും ഈടാക്കുന്ന യഥാർത്ഥ തുകയോ ഏതാണോ കുറവ്, പ്രസ്തുത തുക സ്കൂളിന് റീ-ഇംപേഴ്സ് ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്. എന്നാൽ കുട്ടിയുടെ താമസസ്ഥലത്തിനടുത്ത് ഒരു കിലോമീറ്റർ ചുറ്റളവിൽ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളില്ലാത്ത സാഹചര്യത്തിൽ മാത്രമേ മുകളിൽ സൂചിപ്പിച്ച രീതിയിൽ റീ-ഇംപേഴ്സ്മെന്റ് ചെയ്യുകയുള്ളൂ. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം സ്കൂൾ അടിസ്ഥാനത്തിൽ എൽ.പി. സ്കൂളുകൾക്ക് 1:30 ആയും യു.പി. സ്കൂളുകളിൽ 1:35 ആയും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. എല്ലാ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസിലെ എല്ലാ പെൺകുട്ടികൾക്കും എ.പി.എൽ വിഭാഗം ഒഴിച്ചുള്ള ആൺകുട്ടികൾക്കും യൂണിഫോമും എല്ലാ വിഭാഗക്കാർക്കും ടെക്സ്റ്റ് ബുക്കും സൗജന്യമായി വിതരണം ചെയ്യുന്നു. സ്കൂൾ മാപ്പിംഗ് നടപടികൾ നടന്നുവരുന്നു. ഗവൺമെന്റ് സ്കൂളുകളിൽ ഹെഡ് ടീച്ചറിനെ ക്ലാസ് ചാർജ്ജിൽനിന്നും ഒഴിവാക്കി പകരം ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിൽ കുടിവെള്ള സൗകര്യം, കളിക്കാനുള്ള സ്ഥലം എന്നിവ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു സ്കൂളുകളിൽ സ്പെഷ്യൽ ഫീസ് പിരിക്കുന്ന സമ്പ്രദായം നിർത്തലാക്കി. 1-ാം ക്ലാസ്സ് മുതൽ 8-ാം ക്ലാസ്സ് വരെ ഓൾ പ്രൊമോഷൻ നടപ്പിലാക്കി.

സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എല്ലാ ഗവൺമെന്റ് സ്കൂളിലും നടപ്പിലാക്കി. എയ്ഡഡ് സ്കൂളുകളിൽ ഉപദേശക സമിതിയുടെ സ്ഥാനമാണ് എസ്.എം.സി.-ക്ക് നൽകിയിരിക്കുന്നത്. യു.പി. വിഭാഗത്തിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പൂളിംഗ് നടപ്പിലാക്കി. ഓരോ സ്കൂളിലും പ്രവേശനം നേടുന്ന ഓരോ കുട്ടിയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയാൻ ആധാർ നമ്പർ (യു.ഐ.ഡി.) സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 18 പ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കാൻ പാടുള്ളതല്ല.

(സി) ആർ.റ്റി.ഇ. നിയമം വരുന്നതിനുമുമ്പ് കെ.ഇ.ആർ. പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് അംഗീകാരം നൽകിവന്നിരുന്നത്. ഈ സർക്കാർ വന്നശേഷം 549 സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അനുമതി നല്കിയിട്ടുണ്ട്.

(ഡി) മാനദണ്ഡങ്ങൾ പാലിക്കുന്ന വിദ്യാലയങ്ങൾക്ക് മാത്രമാണ് അംഗീകാരം നൽകുന്നത്. മറ്റ് വിദ്യാലയങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുകയില്ല എന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികളെക്കൊണ്ട് അന്വേഷണം നടത്താറുണ്ട്.

അനധികൃത സ്കൂളുകൾക്ക് അംഗീകാരം

74 (1096) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതുമൂലം നിലവിലുള്ള സ്കൂളുകൾ അടച്ചുപൂട്ടപ്പെട്ടുമോ എന്ന കാര്യം പ്രത്യേകം പരിശോധിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ എയ്ഡഡ് സ്കൂളുകളുടെ പരിധിക്കകത്ത് പ്രവർത്തിച്ചുവന്ന അംഗീകാരമില്ലാത്ത എത്ര സ്കൂളുകൾക്ക് ഇപ്പോൾ അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) അൺ എക്കണോമിക്കായിട്ടും അടച്ചുപൂട്ടാതിരുന്ന ഏതെല്ലാം സ്കൂളുകളുടെ അടുത്തുള്ള അനധികൃത സ്കൂളുകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) നിലവിൽ അൺ എക്കണോമിക് സ്കൂളുകൾ എത്രയെന്നും തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകർ എത്രയെന്നും പ്രൊട്ടക്ടഡ് അദ്ധ്യാപകർ എത്രയെന്നും അറിയിക്കുമോ ?

ഉത്തരം

(എ) പരിശോധിച്ചിരുന്നു. വർഷങ്ങളായി പ്രവർത്തിക്കുന്ന സ്കൂളുകൾക്കാണ് വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരം അംഗീകാരം നൽകിയിട്ടുള്ളത്.

(ബി&സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) നിലവിൽ 5412 അൺ എക്കണോമിക് സ്കൂളുകളുണ്ട്. 2014-15-ലെ തസ്തിക നിർണ്ണയ പ്രകാരം സർക്കാർ സ്കൂളുകളിലെ 4687 അദ്ധ്യാപകർക്കും എയ്ഡഡ് സ്കൂളുകളിലെ 12917 അദ്ധ്യാപകർക്കും തസ്തിക നഷ്ടപ്പെട്ടിട്ടുണ്ട്. പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly